"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

കൃഷി വകുപ്പ് - കാസർഗോഡ് ജില്ലയിലെ വരൾച്ച ബാധിച്ച പ്രദേശങ്ങൾ സന്ദർശിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സമിതി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

കൃഷി (കൃഷി) വകുപ്പ്

സ.ഉ.(സാധാ) നം.591/2023/AGRI തീയതി,തിരുവനന്തപുരം, 19-06-2023

---

പരാമർശം:- കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 13.06.2023 തീയതിയിലെ എ.ഡി.എഫ്.ഡബ്ല്യു./7166/2023-റ്റി.ആർ. നമ്പർ കത്ത്.

<u>ഉത്തരവ്</u>

കാസർഗോഡ് ജില്ലയിൽ അതിരൂക്ഷമായ വേനൽ ചൂടിലും വരൾച്ചയിലും കൃഷിനാശം സംഭവിച്ചതായി ആശങ്ക നിലനിൽക്കുന്നതിനാൽ, വരൾച്ച ബാധിത പ്രദേശങ്ങൾ സന്ദർശിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ചുവടെ ചേർക്കുന്ന അംഗങ്ങളെ ചേർത്ത് സമിതി രൂപീകരിക്കുന്നതിന് അനുമതി നൽകണമെന്ന് പരാമർശ കത്തു പ്രകാരം കൃഷി ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

1. ഡോ. അശ്വതി എസ് നായർ, അഗ്രിക്കൾച്ചറൽ സ്പെഷ്യലിസ്റ്റ്, കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി
2. ഡോ. മണികണ്ഠൻ, അസിസ്റ്റന്റ് പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് അഗ്രിക്കൾച്ചറൽ മെറ്റീരിയോളജി, കോളേജ് ഓഫ് അഗ്രിക്കൾച്ചർ, പടന്നക്കാട്.
3. കൃഷി അഡീഷണൽ ഡയറക്ടർ (സിപി)
4. പ്രിൻസിപ്പൽ അഗ്രിക്കൾച്ചറൽ ഓഫീസർ, കാസർഗോഡ്
5. ഡെപ്യൂട്ടി ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചറൽ (ക്രെഡിറ്റ്), കാസർഗോഡ്

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മേൽ സൂചിപ്പിച്ച അംഗങ്ങളെ ഉൾപ്പെടുത്തി ഉന്നതതല സമിതി രൂപീകരിക്കുന്നതിനും കാസർഗോഡ് ജില്ലയിലെ വരൾച്ചബാധിത പ്രദേശങ്ങൾ സന്ദർശിച്ച് ഒരാഴ്ച്ചയ്ക്കുള്ളിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിനും ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എസ് സാബിർ ഹുസൈൻ
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
സമിതി അംഗങ്ങൾക്ക് (കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ).
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :- ബഹു. കൃഷി വകുപ്പ് മന്ത്രിയുടെ പി.എസ്.ന്